നമ്പർ. സി2/30265/റ്റിസി/2013

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 03.07.2014

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — മണൽ കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങൾ മൂലമുണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങൾ - സംബന്ധിച്ച്.

സൂചന :- തദ്ദേശ സ്വയംഭരണ (ആർ,സി) വകുപ്പിന്റെ 6.6.2014ലെ 7926/ആർ.സി.3/2014/ത.സ്വ.ഭ.വ നമ്പറായ സർക്കുലർ

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. മണൽ പാസ് നൽകുന്ന സമയത്ത് വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഡ്രൈവറുടെ ലൈസൻസും സാധുത ഉള്ളതാണോ എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ (ആർ,സി) വകുപ്പ് സർക്കുലറിലൂടെ ആവശ്യപ്പെട്ടപ്രകാരം ആർ.ടി.ഒ/ജോ.ആർ.ടി.ഒമാർ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഒരു മാതൃക തയ്യാറാക്കി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സൂചനയുടെ പകർപ്പും ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്),
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

മോട്ടോർ വാഹന വകുപ്പ്
റീജ്യണൽ/സബ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസ്
..................................

സാക്ഷ്യപത്രം
(തദ്ദേശ സ്വയംഭരണ (ആർ,സി) വകുപ്പിന്റെ 6.6.2014ലെ
7926/ആർ.സി.3/2014/ത.സ്വ.ഭ.വ നമ്പറായ സർക്കുലർ പ്രകാരം നൽകുന്നത്)

വാഹനത്തിന്റെ രജിസ്റ്റർ നമ്പർ -
ഫിറ്റ്നസിന്റെ കാലാവധി -
ഡ്രൈവറുടെ പേര് -
ലൈസൻസ് നമ്പർ -
ലൈസൻസിന്റെ കാലാവധി -

റീജ്യണൽ/ സബ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ

തീയതി

ഓഫീസ് സീൽ

കേരള സർക്കാർ

നം.7923/ആർ.സി.3/2014/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 6-6-2014

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- മണൽ കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങൾ മൂലമുണ്ടാകുന്ന സുരക്ഷാപ്രശ്നങ്ങൾ -സംബന്ധിച്ച്

സൂചന:- ട്രാൻസ്പോർട്ട് കമ്മീഷണറുടെ 20-12-2013-ലെ സി2 30265/2013 നമ്പർ കത്ത്.

മണൽ കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങൾക്ക് ശരിയായ ഫിറ്റ്നസ് സർട്ടിഫിക്കറ്റോ ഡ്രൈവർമാർക്ക് ശരിയായ ലൈസൻസോ ഇല്ലാത്തതിനാൽ ഇത്തരം വാഹനങ്ങൾ ധാരാളം അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും അതിനാൽ പഞ്ചായത്ത് /മുനിസിപ്പാലിറ്റികളിൽ നിന്ന് മണൽ കയറ്റിക്കൊണ്ടു പോകുന്നതിനുള്ള പാസ് നൽകുമ്പോൾ വാഹനത്തിന്റെയും ഡ്രൈവറുടെയും രേഖകൾ കാലാവധിക്കുള്ളിൽപ്പെട്ടതാണെന്ന് സാക്ഷ്യപ്പെടുത്തുന്ന, ആർ.റ്റി.ഒ ഓഫീസുകളിൽനിന്ന് വാങ്ങിയ, ഒരു സാക്ഷ്യപത്രം നിഷ്കർഷിക്കണമെന്ന് ഒരു നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ സൂചന കത്തു പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ഓരോ പാസ് കൊടുക്കുമ്പോഴും ഇത്തരം സാക്ഷ്യപത്രം ഓരോ വാഹനത്തിനും ഡ്രൈവർക്കും നിഷ്കർഷിക്കുന്നത് തീരെ അപ്രായോഗികവും അശാസ്ത്രീയവുമാണ്. കൂടുതൽ ലോഡുകൾക്കോ ഒരു പ്രത്യേക കാലത്തേയ്ക്കോ പാസ് കൊടുക്കാനും സാധ്യമല്ല. ആകയാൽ പാസ് നൽകുന്ന സമയത്ത് ആ വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഡ്രൈവറുടെ ലൈസൻസും സാധുത ഉള്ളതാണോ എന്ന് ഉറപ്പുവരുത്താൻ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുകയുള്ളൂ. അതിലേയ്ക്കായി ലൈസൻസിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും കാലാവധി തീരുന്ന ദിവസം ഏതെന്ന് മുൻകൂട്ടി സാക്ഷ്യപ്പെടുത്തി നൽകിയ ഒരു സർട്ടിഫിക്കറ്റ് റീജിയണൽ/സബ് റീജിയണൽ ടാൻസ്പോർട്ട് ഓഫീസിൽ നിന്ന് വാഹനമുടമയ്ക്കും ഡ്രൈവർക്കും കൊടുക്കേണ്ടതാണ്. ഇത്തരം ഒരു സർട്ടിഫിക്കറ്റ് പാസ് കൊടുക്കുന്ന സമയത്ത് നിഷ്കർഷിക്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശനമായി നിർദ്ദേശം നൽകുന്നു.

കെ.കെ.രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

To

ട്രാൻസ്പോർട്ട് കമ്മീഷണർ, ട്രാൻസ്പോർട്ട് ടവ്വേഴ്സ്, വഴുതയ്ക്കാട്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കില, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ